## പതിനഞ്ചാം കേരള നിയമസഭ

# കാര്യോപദേശക സമിതി

## പതിനേഴാമത് റിപ്പോർട്ട്


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2025 സെപ്റ്റംബർ

പതിനഞ്ചാം കേരള നിയമസഭ

# കാര്യോപദേശക സമിതി

പതിനേഴാമത് റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025 സെപ്റ്റംബർ

888/2025.

# ഉള്ളടക്കം


| | | | |
|---|---|---|---|
| | | | *പേജ്* |
| 1. | സമിതിയുടെ ഘടന | .. | v |
| 2. | റിപ്പോർട്ട് | .. | 1 |
| 3. | 2025 സെപ്റ്റംബർ 15-ന് ചേർന്ന കാര്യോപദേശക സമിതിയുടെ യോഗനടപടിക്കുറിപ്പ് | .. | 3 |

# കാര്യോപദേശക സമിതി

## ഘടന

<u>എക്സ് - ഒഫീഷ്യോ ചെയർമാൻ</u> :

ശ്രീ. എ. എൻ. ഷംസീർ (സ്പീക്കർ).

<u>അംഗങ്ങൾ</u> :

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. എം. ബി. രാജേഷ്

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. വി. ഡി. സതീശൻ

ശ്രീ. പിണറായി വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി.

# റിപ്പോർട്ട്

സഭാ നേതാവും കാര്യോപദേശക സമിതിയംഗവുമായ ഞാൻ സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കാര്യോപദേശക സമിതിയുടെ ഒരു യോഗം 2025 സെപ്റ്റംബർ 15 - ാം തീയതി തിങ്കളാഴ്ച രാവിലെ 11.00-ന് നിയമസഭാ മന്ദിരത്തിലെ ബി.എ.സി. ഹാളിൽ ചേർന്നു. ബഹുമാനപ്പെട്ട സ്പീക്കർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. സമിതിയുടെ ശിപാർശകൾ താഴെക്കൊടുത്തിരിക്കുന്നു:

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 2025 സെപ്റ്റംബർ 16, 17, 18, 19, 29, 30 എന്നീ സമ്മേളന ദിവസങ്ങളിലെ കാര്യപരിപാടി താഴെപ്പറയും പ്രകാരം ക്രമീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| സെപ്റ്റംബർ 16, ചൊവ്വ | : | താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും :<br>(i) 2024-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ<br>(ii) 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ.<br>(ചർച്ച അവസാനിപ്പിക്കാവുന്നതാണ്.) |
| സെപ്റ്റംബർ 17, ബുധൻ | : | താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും :<br>(i) 2025-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ<br>(ii) 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ.<br>(ചർച്ച അവസാനിപ്പിക്കാവുന്നതാണ്.) |
| സെപ്റ്റംബർ 18, വ്യാഴം | : | (1) 2025-2026 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവയ്ക്കൽ ;<br>(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും :<br>(i) 2025-ലെ കേരള വനം (ഭേദഗതി) ബിൽ<br>(ii) 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ<br>(iii) 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ.<br>(ചർച്ച അവസാനിപ്പിക്കാവുന്നതാണ്.) |

| | | |
|---|---|---|
| സെപ്റ്റംബർ 19, വെള്ളി | : | ഗവൺമെന്റ് കാര്യവും അനൗദ്യോഗികാംഗങ്ങളുടെ കാര്യവും. |
| സെപ്റ്റംബർ 29, തിങ്കൾ | : | (1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും :<br>(i) 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ<br>(ii) 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ.<br>(ചർച്ച അവസാനിപ്പിക്കാവുന്നതാണ്.)<br>(2) സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള പൊതുരേഖ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തരഘട്ടങ്ങളും.<br>(ചർച്ച അവസാനിപ്പിക്കാവുന്നതാണ്.) |
| സെപ്റ്റംബർ 30, ചൊവ്വ | : | താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും :<br>(i) 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2 - ാം നമ്പർ) ബിൽ<br>(ii) 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ<br>(iii) 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ.<br>(ചർച്ച അവസാനിപ്പിക്കാവുന്നതാണ്.) |

പതിനാലാം സമ്മേളന കാലയളവിലെ ശേഷിക്കുന്ന ദിവസങ്ങളിലെ കാര്യപരിപാടി നിശ്ചയിക്കുന്നതിനായി സമിതിയുടെ അടുത്ത യോഗം 2025 സെപ്റ്റംബർ 29 - ാം തീയതി, തിങ്കളാഴ്ച ചേരുന്നതിനും ശിപാർശ ചെയ്യുന്നു.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.
2025 സെപ്റ്റംബർ 15

**പിണറായി വിജയൻ,**
*സഭാ നേതാവും*
*കാര്യോപദേശക സമിതി അംഗവും.*

## 2025 സെപ്റ്റംബർ 15 -ന് ചേർന്ന കാര്യോപദേശക സമിതിയുടെ യോഗ നടപടിക്കുറിപ്പ്

കാര്യോപദേശക സമിതിയുടെ ഒരു യോഗം 2025 സെപ്റ്റംബർ 15, തിങ്കളാഴ്ച, രാവിലെ 11.00-ന് നിയമസഭാ മന്ദിരത്തിലെ ബി.എ.സി. ഹാളിൽ (റൂം നമ്പർ 520) ചേർന്നു. ബഹുമാനപ്പെട്ട സ്പീക്കർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

ശ്രീ. പിണറായി വിജയൻ

ശ്രീ. എം. ബി. രാജേഷ്

ശ്രീ. വി. ഡി. സതീശൻ

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. കെ. രാജൻ (പ്രത്യേക ക്ഷണപ്രകാരം)

ശ്രീ. എ. കെ. ശശീന്ദ്രൻ (പ്രത്യേക ക്ഷണപ്രകാരം)

ശ്രീ. കെ. ബി. ഗണേഷ് കുമാർ (പ്രത്യേക ക്ഷണപ്രകാരം)

ഡോ. എൻ. ജയരാജ് (പ്രത്യേക ക്ഷണപ്രകാരം)

ശ്രീ. ടി. പി. രാമകൃഷ്ണൻ (പ്രത്യേക ക്ഷണപ്രകാരം)

ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*) (പ്രത്യേക ക്ഷണപ്രകാരം)

ശ്രീ. മോൻസ് ജോസഫ് (പ്രത്യേക ക്ഷണപ്രകാരം)

നിയമസഭാ സെക്രട്ടേറിയറ്റ്

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി റീന വി. ആർ., ജോയിന്റ് സെക്രട്ടറി

ശ്രീ. സുരേശൻ സി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ശ്യാം കെ. എസ്., അണ്ടർ സെക്രട്ടറി.

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 2025 സെപ്റ്റംബർ 16, 17, 18, 19, 29, 30 എന്നീ സമ്മേളന ദിവസങ്ങളിലെ കാര്യപരിപാടി താഴെപ്പറയും പ്രകാരം ക്രമീകരിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സെപ്റ്റംബർ 16, ചൊവ്വ : താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും :

(i) 2024-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ

(ii) 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ.

(ചർച്ച അവസാനിപ്പിക്കാവുന്നതാണ്.)

സെപ്റ്റംബർ 17, ബുധൻ : താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും :

(i) 2025 -ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ

(ii) 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ.

(ചർച്ച അവസാനിപ്പിക്കാവുന്നതാണ്.)

സെപ്റ്റംബർ 18, വ്യാഴം : (1) 2025-2026 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവയ്ക്കൽ ;

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും :

(i) 2025-ലെ കേരള വനം (ഭേദഗതി) ബിൽ

(ii) 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ

(iii) 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ.

(ചർച്ച അവസാനിപ്പിക്കാവുന്നതാണ്.)

സെപ്റ്റംബർ 19, വെള്ളി : ഗവൺമെന്റ് കാര്യവും അനൗദ്യോഗികാംഗങ്ങളുടെ കാര്യവും.

സെപ്റ്റംബർ 29, തിങ്കൾ : (1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും :

(i) 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(ii) 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ.

(ചർച്ച അവസാനിപ്പിക്കാവുന്നതാണ്.)

(2) സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള പൊതുരേഖ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തരഘട്ടങ്ങളും.

(ചർച്ച അവസാനിപ്പിക്കാവുന്നതാണ്.)

സെപ്റ്റംബർ 30, ചൊവ്വ : താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും :

(i) 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2 - ാം നമ്പർ) ബിൽ

(ii) 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ

(iii) 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ.

(ചർച്ച അവസാനിപ്പിക്കാവുന്നതാണ്.)

പതിനാലാം സമ്മേളന കാലയളവിലെ ശേഷിക്കുന്ന ദിവസങ്ങളിലെ കാര്യപരിപാടി നിശ്ചയിക്കുന്നതിനായി സമിതിയുടെ അടുത്ത യോഗം 2025 സെപ്റ്റംബർ 29- ാം തീയതി, തിങ്കളാഴ്ച ചേരുന്നതിന് ശിപാർശ ചെയ്യുവാനും സമിതി തീരുമാനിച്ചു.

യോഗം രാവിലെ 11.20 ന് അവസാനിച്ചു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.